ഉത്തരം

(എ) ഏഴു വർക്കുകൾ.

(ബി) രണ്ടു വർക്കുകൾ.

(സി) & (ഡി) ഏഴു വർക്കുകളിലായി 11,06,282 രൂപ ചെലവഴിക്കാനുണ്ട്.

തച്ചംപാറ എ. ഇ. ഓഫീസിനു കീഴിൽ ടെണ്ടർ ചെയ്ത വർക്കുകൾ

86 [367] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി തച്ചംപാറ എ. ഇ. ഓഫീസിനു കീഴിൽ എത്ര വർക്കുകൾ ടെണ്ടർ ചെയ്യാനുണ്ട്;

(ബി) ടെണ്ടർ ചെയ്ത എത്ര വർക്കുകളുടെ പണി പൂർത്തിയാക്കാനുണ്ട്;

(സി) ജില്ലാ കളക്ടർ ഓഫീസിൽ നിന്നും ഇതിലേക്ക് അനുവദിച്ച തുക ചെലവഴിക്കാതെയുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വർക്കുകൾ ഒന്നും ടെണ്ടർ ചെയ്യുവാനില്ല. പതിനൊന്ന് വർക്കുകൾ പൂർത്തിയാക്കാനുണ്ട്.

(സി) & (ഡി) ഉണ്ട്. ടെണ്ടർ ചെയ്ത 11 വർക്കുകളിലായി 3,33,920 രൂപ ചെലവഴിക്കാനുണ്ട്.

കാട്ടാക്കട സർക്കിളിൽ വിതരണം ചെയ്യേണ്ട ട്യൂബ് ലൈറ്റുകൾ

67 [368] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. കാട്ടാക്കട സർക്കിളിന്റെ അതിർത്തിയിൽപ്പെടുന്ന വിവിധ ഗ്രാമ പഞ്ചായത്തുകൾ എത്ര ട്യൂബ് ലൈറ്റുകൾക്ക് വേണ്ടിയുള്ള ആവശ്യമാണ് നിലവിൽ ഉന്നയിച്ചിട്ടുള്ളത്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ നിന്നും അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ട്യൂബ് ലൈറ്റുകൾ സപ്ലൈ ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ അവയിൽ എത്ര സപ്ലൈ ചെയ്തുകഴിഞ്ഞുവെന്നും ഇനി എത്ര സപ്ലൈ ചെയ്യാനുണ്ടെന്നും അവ എന്നത്തേക്ക് സപ്ലൈ ചെയ്യുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 50 എണ്ണം വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് മാത്രമേ ആവശ്യം ഉന്നയിച്ചിട്ടുള്ളൂ.

(ബി) ഇല്ല.

സപ്ലൈ ചെയ്തു കഴിഞ്ഞവ - 15 എണ്ണം.
സപ്ലൈ ചെയ്യാത്തവ - 35 എണ്ണം.
ഇവ ഉടൻ തന്നെ നൽകുന്നതാണ്.

കായംകുളം വൈദ്യുത നിലയത്തിൽ ഉണ്ടായിരുന്ന സംസ്ഥാനത്തിന്റെ അവകാശങ്ങൾ

68 [369] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ടി. പി. സി.-യുടെ കായംകുളം വൈദ്യുത നിലയത്തിൽ കേരളത്തിനുണ്ടായിരുന്ന പ്രത്യേക അവകാശം എന്തായിരുന്നു; ഉണ്ടായിരുന്ന ഏതെങ്കിലും അവകാശം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) എൻ. ടി. പി. സി.-യും വൈദ്യുതി ബോർഡും തമ്മിൽ ഉണ്ടാക്കിയ ആദ്യ കരാർ അനുസരിച്ച് കായംകുളത്ത് നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പൂർണ്ണ അവകാശം കേരളത്തിനായിരുന്നുവോ; ഈ അവകാശം കേന്ദ്ര റഗുലേറ്ററി കമ്മീഷൻ എടുത്ത് കളഞ്ഞിട്ടുണ്ടോ; ഇതിന് ബോർഡ് അനുവാദം നൽകിയിട്ടുണ്ടായിരുന്നുവോ;

(സി) എൻ. ടി. പി. സി. കായംകുളത്ത് നിന്നും ഇപ്പോൾ തമിഴ്നാടിന് വൈദ്യുതി നൽകുന്നത് കുറഞ്ഞ നിരക്കിലാണെന്ന വിവരം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അനുകൂല്യം കേരളത്തിന് പ്രയോജനപ്പെടുത്താൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) കായംകുളം പദ്ധതി 2240 മെഗാവാട്ടിന്റേതായി ഉയർത്തി എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുമ്പോൾ വൈദ്യുതി വില കുറയും എന്നിരിക്കെ കേരളത്തിന് ഉള്ള പ്രത്യേക അവകാശം നഷ്ടപ്പെടുത്തിയത് ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായിരിക്കുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എൻ. ടി. പി. സി.-യുടെ കായംകുളം വൈദ്യുതി നിലയം രണ്ടാംഘട്ടം (359 മെഗാവാട്ട്) കേരളത്തിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ്. ഉണ്ടായിരുന്ന അവകാശം നഷ്ടപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly